**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4638** **19-03-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം, മൂന്നാർ മേഖലകളിൽ വന്യജീവി ശല്യ പ്രതിരോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം, മൂന്നാർ, മലയാറ്റൂർ വനം ഡിവിഷനുകളുടെ കീഴിൽ കോതമംഗലം മണ്ഡലത്തിൽ വന്യജീവി ശല്യം പ്രതിരോധിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) | കോതമംഗലം, മൂന്നാർ, മലയാറ്റൂർ വനം ഡിവിഷനുകളുടെ കീഴിൽ കോതമംഗലം മണ്ഡലത്തിൽ വന്യജീവി ശല്യം പ്രതിരോധിക്കുന്ന തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**കോതമംഗലം ഡിവിഷൻ**<br><br>കോതമംഗലം ഡിവിഷനിലെ കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെട്ട കവളങ്ങാട്, കീരംപാറ പഞ്ചായത്തുകളിൽ വന്യജീവി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ള ഇടങ്ങളിൽ രാത്രികാലങ്ങളിൽ അവയുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനായി പൊതുവഴികളിൽ വഴി വിളക്കുകൾ സ്ഥാപിക്കുകയും അതോടൊപ്പം പാതയ്ക്കിരുവശവുമുള്ള അടിക്കാടുകൾ വെട്ടിത്തെളിക്കുകയും ചെയ്തിട്ടുള്ളതാണ്. മനുഷ്യ-വന്യ ജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി രാത്രിയും പകലും വാച്ചർമാരെ നിയോഗിച്ചിട്ടുള്ളതും കാട്ടാനകൾ കടന്നുവരുന്ന മേഖലകളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>നബാർഡ് പദ്ധതി മുഖേന ഭൂതത്താൻകെട്ട് മുതൽ കുട്ടിക്കൽ വരെയും തട്ടേക്കാട് മുതൽ കുരികുളം വരെയും 90.18 ലക്ഷം രൂപ ചെലവിൽ 8 കി.മി ദൂരത്തിൽ ഹാംഗിംഗ് സോളാർ ഫെൻസിംഗിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതാണ്. RKVY പദ്ധതി മുഖേന ഇഞ്ചത്തൊട്ടി തൂക്കുപാലം മുതൽ ഓവുങ്ങൽ കടവ് വരെ 15 കി.മി ദൂരത്തിൽ 1,27,47,000/- രൂപ ചെലവിൽ ഹാംഗിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട് . മനുഷ്യ-വന്യ ജീവി സംഘർഷം അതിരൂക്ഷമായി നിലനിൽക്കുന്ന സാഹചര്യത്തിൽ കോതമംഗലം വനം ഡിവിഷനിൽ പുതുതായി |

രൂപീകരിച്ചിട്ടുള്ള RRT യുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. 24 മണിക്കൂറും പ്രവർത്തനസജ്ജമായി ഡിവിഷണൽ എമർജൻസി ഓപ്പറേഷൻ സെന്റർ പ്രവർത്തിക്കുന്നു. ജനജാഗ്രതാ സമിതികളും ടി പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുണ്ട്. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തി മനുഷ്യ-വന്യമൃഗ സംഘർഷത്തിന് പരിഹാരം കാണുന്നതിനായി ജനജാഗ്രതാ സമിതികൾ കൂടി ടി യോഗങ്ങളിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കോതമംഗലം മണ്ഡലത്തിൽ കോതമംഗലം റെയിഞ്ചിലെ ജനങ്ങൾ സഞ്ചരിക്കുന്ന വിവിധ റോഡുകളിൽ വന്യമൃഗ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനായി 10.5 ഹെക്ടർ വിസ്തൃതിയിൽ വിസ്റ്റാ ക്ലിയറൻസ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**<u>മൂന്നാർ ഡിവിഷൻ</u>**

മൂന്നാർ ഡിവിഷനു കീഴിലെ കോതമംഗലം നിയോജക മണ്ഡലത്തിൽപ്പെടുന്ന കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകൾ മാത്രമാണ് മൂന്നാർ ഫോറസ്റ്റ് ഡിവിഷനിൽ നേര്യമംഗലം റെയിഞ്ചിന്റെ പരിധിയിൽ വരുന്നത്. ടി പഞ്ചായത്തുകളിൽ വന്യജീവി ശല്യം പ്രതിരോധിക്കുന്നതിനായി സോളാർ ഫെൻസിംഗ്, സോളാർ തൂക്കുവേലി, ആന പ്രതിരോധ കിടങ്ങുകൾ, ആർ.ആർ.റ്റി-യുടെ സേവനം, വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ, ജനജാഗ്രതാ സമിതികൾ, ഏർലി വാർണിംഗ് എസ്.എം.എസ് അലർട്ട് സിസ്റ്റം എന്നിവ ഏർപ്പെടുത്തുകയും മിഷൻ സോളാർ ഫെൻസിംഗ് - 2024 ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്.

**<u>മലയാറ്റൂർ ഡിവിഷൻ</u>**

കോതമംഗലം മണ്ഡലത്തിലെ മലയാറ്റൂർ ഡിവിഷനിൽ ഉൾപ്പെട്ട കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തി മനുഷ്യ-വന്യമൃഗ സംഘർഷത്തിന് പരിഹാരം കാണുന്നതിനായി ജനജാഗ്രതാ സമിതികൾ വിളിച്ചുചേർത്ത് ടി യോഗങ്ങളിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജ വേലികളുടെ നിർമ്മാണം, നിലവിലുള്ള സൗരോർജ്ജ വേലികൾ കൂടുതൽ ഫലപ്രദമായി സൗരോർജ്ജ തൂക്കുവേലികളാക്കി നവീകരിക്കൽ, താൽകാലിക വാച്ചർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങളിൽ അടിയന്തിര ഇടപെടൽ നടത്തുന്നതിലേക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഡിവിഷൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സേവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി ഉപയോഗപ്പെടുത്തി വരുന്നു.<br><br>ഈ സർക്കാർ കാലയളവിൽ മേൽ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ പ്രധാന പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.<br>പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കപ്പേളപ്പടി മുതൽ പൂയംകുട്ടി വരെ 5.6 ലക്ഷം രൂപ ചെലവിൽ 2 കിലോമീറ്റർ ദൂരത്തിലും മെഡിസിൻ പ്ലാന്റേഷൻ മുതൽ കുതിരമുടി വരെ 2.94 ലക്ഷം രൂപ ചെലവിൽ ഒരു കിലോമീറ്റർ ദൂരത്തിലും സൗരോർജ്ജവേലി നിർമ്മിക്കുന്നതിന്റെ ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു. നിലവിലുള്ളതും പ്രവർത്തനക്ഷമ മല്ലാത്തതുമായ സൗരോർജ്ജവേലികൾ മിഷൻ ഫെൻസിംഗ് പദ്ധതിയിലുൾപ്പെടുത്തി എൻ.ജി.ഒ-കളുടെയും കോളേജ് വിദ്യാർത്ഥികളുടെയും സഹകരണത്തോടുകൂടി പരമാവധി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | കോതമംഗലം റെയിഞ്ചിന് കീഴിൽ പൂച്ചകുത്ത്-ചേരമല, കളപ്പാറ മുതൽ വെളിയച്ചാൽ വരെ 8 കീ.മീ ദൂരത്തിൽ ഹാംഗിംഗ് സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭഘട്ടത്തിലാണ്.<br>മൂന്നാർ ഡിവിഷനിൽ ഉൾപ്പെട്ടുവരുന്ന കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ സ്ഥിതി താഴെ വിവരിക്കുന്നു.<br>നേര്യമംഗലം റെയ്ഞ്ചിൽ വരുന്ന കുട്ടമ്പുഴ പഞ്ചായത്തിൽ 13-ാം വാർഡിൽ വന്യമൃഗ സംഘർഷം പരിഹരിക്കുന്നതിന് RKVY ഫണ്ടുപയോഗിച്ച് ഈന്തലുംപാറ, മുനിപ്പാറ തേക്ക് പ്ലാൻഷൻ - 3 കി.മീറ്റർ, മുനിപ്പാറ തേക്ക് പ്ലാൻറേഷൻ - ഇഞ്ചത്തൊട്ടി തേക്ക് പ്ലാൻറേഷൻ 1.5 കി.മീറ്റർ, ഇഞ്ചത്തൊട്ടി ഫോറസ്റ്റ് സ്റ്റേഷൻ മുതൽ മുവാൻപാറ വരെ 2 കി.മീറ്റർ, മുവാൻപാറ മുതൽ മെഴുക്കുമാലി തേക്ക് പ്ലാൻറേഷൻ വരെ 4.5 കി.മീറ്റർ - ആകെ 11 കി.മീറ്ററിൽ 4 കി.മീറ്റർ പ്രവർത്തനക്ഷമമായിട്ടുള്ളതും, 3 കി.മീറ്റർ ഉടനടി പ്രവർത്തനക്ഷമ മാക്കുന്നതും, ബാക്കിയുള്ള ദൂരം പ്രവൃത്തികൾ പുരോഗമിച്ചു വരുന്നതുമാണ്. കവളങ്ങാട് |

പഞ്ചായത്തിലെ ചെമ്പൻകുഴി ഹാങ്ങിംഗ് ബ്രിഡ്ജ് മുതൽ മണിയൻപാറ വരെയുള്ള 1 കി.മീറ്റർ സോളാർ ഫെൻസിംഗ് NABARD Scheme XXIX-ൽ ഉൾപ്പെടുത്തിയുള്ള പ്രവർത്തനത്തിന്റെ തുടർച്ചയായി വരുന്നതാണ്. ആയത് NABARD ന്റെ വർക്ക് പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.
സ്കീമിൽ ഉൾപ്പെടുത്തി കരിമണൽ റിവർ സൈഡിൽ 3.2 കി.മീറ്റർ സോളാർ ഫെൻസിംഗ്, നീണ്ടപാറ റോഡ് സൈഡ് - ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് - 400 മീറ്റർ എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതാണ്.
വെളിയത്ത് പറമ്പ് - 4 കി.മീറ്റർ എലഫന്റ് പ്രൂഫ് ട്രഞ്ച് പ്രവൃത്തി ആംരഭിച്ചിട്ടുള്ളതും ആയത് പൂർത്തിയായ ശേഷം മുത്തനാമ്മുടി - 4 കി.മീറ്റർ എലഫന്റ് പ്രൂഫ് ട്രഞ്ച് നിർമ്മാണം ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് .
ബാക്കിയുള്ള ചുവടെ പറയുന്ന പ്രവൃത്തികൾ അവാർഡ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

1.വലിയക്ലാച്ചേരി - മുതുവാൻപാറ - ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് - 750 മീറ്റർ.
2. മുത്തനാമ്മുടി - മുക്കം ഭാഗം - ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് - 2.5 കി.മീറ്റർ.
3. അനന്തൻകുടി റിവർ ഇ.പി.റ്റി - അനന്തൻകുടി ഈസ്റ്റ് - ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് - 1 കി.മീറ്റർ.
4. ആർ.എസ്.പി ഹിൽ ഏരിയ - ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് - 1.4 കി.മീറ്റർ.

നേര്യമംഗലം റെയ്ഞ്ച് പരിധിയിൽ നിലവിലുണ്ടായിരുന്ന സോളാർ ഫെൻസിംഗ് പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി മിഷൻ ഫെൻസിംഗ് 2024 പദ്ധതി പ്രകാരം കുട്ടമ്പുഴ പഞ്ചായത്തിൽ 18.68 കി.മീ പ്രവർത്തനരഹിതമായ ഫെൻസിംഗുകൾ പ്രവർത്തനസജ്ജ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.
മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ മൂന്നാർ വനം ഡിവിഷനിലെ നേര്യമംഗലം റെയ്ഞ്ചിൽ ഉരുളൻതണ്ണി, വാളറ, നഗരമ്പാറ ഫോറസ്റ്റ് സ്റ്റേഷനുകളിലായി 3 ആർ.ആർ.റ്റി-കൾ രൂപീകിരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ മൂന്നാർ ഡിവിഷനിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു ഡിവിഷണൽ എമർജൻസി ഓപ്പറേഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്.
കോതമംഗലം മണ്ഡലത്തിൽ മലയാറ്റൂർ ഡിവിഷനിലുൾപ്പെട്ട പ്രദേശത്ത് പഞ്ചായത്ത് ഫണ്ട്

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് കപ്പേളപ്പടി മുതൽ പൂയംകുട്ടി വരെ 5.6 ലക്ഷം രൂപ ചെലവിൽ 2 കിലോമീറ്റർ ദൂരത്തിലും മെഡിസിൻ പ്ലാന്റേഷൻ മുതൽ കുതിരമുടി വരെ 2.94 ലക്ഷം രൂപ ചെലവിൽ ഒരു കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിന്റെ ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു. |
| (സി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പദ്ധതികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിന് ആവശ്യമായ അടിയന്തരനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 4638

| വർഷം | നടപ്പിലാക്കിയ പ്രതിരോധ പ്രവർത്തനങ്ങൾ | ദൂരം (കി.മീ) | വിനിയോഗിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2022-23 | സൗരോർജ്ജ തൂക്കുവേലി നിർമ്മാണം (കുട്ടമ്പുഴ പഞ്ചായത്ത്) | 4 | 12.40 |
| 2023-24 | സൗരോർജ്ജ തൂക്കുവേലി നിർമ്മാണം (കുട്ടമ്പുഴ പഞ്ചായത്ത്) | 7 | 16.30 |
| 2024-25 | സൗരോർജ്ജ തൂക്കുവേലി നിർമ്മാണം (താളുക്കണ്ടം ഉന്നതിയിൽ (RKVY)) | 5 | 17.11 |
| 2024-25 | സൗരോർജ്ജ തൂക്കുവേലി നിർമ്മാണം (കുട്ടമ്പുഴ പഞ്ചായത്ത്) | 4.5 | 13.55 |